**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 839** **06-12-2022 - ൽ മറുപടിയ്ക്ക്**

**ചെമ്പകശ്ശേരി വിശ്രമം സ്മാരക നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ ചെമ്പകശ്ശേരി വിശ്രമം സ്മാരകത്തിന്റെ പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തിന്റെ കാരണം വിശദമാക്കുമോ; | (എ) | ചെമ്പകശ്ശേരി വിശ്രമം സ്മാരക സമിതിയ്ക്ക് 2017-18 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 20 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചെമ്പകശ്ശേരി വിശ്രമം സ്മാരക സമിതി പ്രസിഡന്റ് 22.09.2020 ന് ശ്രീ. കെ.ബാബു എം.എൽ.എ മുഖാന്തിരം സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് അയച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സമിതിയ്ക്ക് സർക്കാരിൽ നിന്ന് നാളിതുവരെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുവാൻ 16.11.2020 ലെ എ2-6646/20/സാം.വ നമ്പർ കത്തും തുടർന്നുള്ള ഓർമ്മക്കുറിപ്പും പ്രകാരം ഡയറക്ടർ ചെമ്പകശ്ശേരി വിശ്രമം സ്മാരക സമിതി പ്രസിഡന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ സമിതിയുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിൽ, അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് ഡയറക്ടർ അറിയിച്ചതിനാൽ സർക്കാരിലെ ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുകയുണ്ടായി. ആവശ്യപ്പെട്ട രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്നും നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (ബി) | ചെമ്പകശ്ശേരി വിശ്രമം സ്മാരക സമിതിയ്ക്ക് 2017-18 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ 20 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചെമ്പകശ്ശേരി വിശ്രമം സ്മാരക സമിതി പ്രസിഡന്റ് 22.09.2020 ന് ശ്രീ. കെ.ബാബു എം.എൽ.എ മുഖാന്തിരം സാംസ്കാരിക വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച അപേക്ഷ റിപ്പോർട്ടിനായി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് അയച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സമിതിയ്ക്ക് |

| | | | |
|---|---|---|---|
| | | | സർക്കാരിൽ നിന്ന് നാളിതുവരെ എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുവാൻ 16.11.2020 ലെ എ2-6646/20/സാം.വ നമ്പർ കത്തും തുടർന്നുള്ള ഓർമ്മക്കുറിപ്പും പ്രകാരം ഡയറക്ടർ ചെമ്പകശ്ശേരി വിശ്വം സ്മാരക സമിതി പ്രസിഡന്റിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത വിഷയത്തിൽ സമിതിയുടെ ഭാഗത്തു നിന്നും യാതൊരു പ്രതികരണവും ഉണ്ടാകാത്ത സാഹചര്യത്തിൽ, അപേക്ഷ പരിഗണിക്കാൻ കഴിയില്ലെന്ന് ഡയറക്ടർ അറിയിച്ചതിനാൽ സർക്കാരിലെ ബന്ധപ്പെട്ട ഫയൽ തീർപ്പാക്കുകയുണ്ടായി. ആവശ്യപ്പെട്ട രേഖകൾ സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന പക്ഷം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ